**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കളമശ്ശേരി നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1723/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08.08.2019

പരാമർശം :- 1. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറുടെ 05.12.2013 തീയതിയിലെ UEU/Campus Boundary/11-12/961 നമ്പർ കത്ത്.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 06.02.2014 തീയതിയിലെ ഡി/72/14 നം. കത്ത്.

3. കളമശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 30.09.2014 തീയതിയിലെ 55561/ഇ.യു.1/2014/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

4. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 08.11.2014 തീയതിയിലെ പ്രതിവാദ പത്രിക.

5. നഗരകാര്യ ഡയറക്ടറുടെ 17.11.2015, 24.10.2018 തീയതികളിലെ വി3- 18793/2014 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഭൂമി (തൃക്കാക്കര നോർത്ത് വില്ലേജിലെ റീ സർവ്വേ നമ്പർ 483/7) കയ്യേറി സ്വകാര്യ വ്യക്തി അനധികൃത ഹോട്ടൽ നിർമ്മാണം നടത്തിയിരിക്കുന്നുവെന്നും ആയതിനാൽ അനധികൃത നിർമ്മാണം അടിയന്തിരമായി പൊളിച്ചു നീക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ കത്ത് ലഭ്യമാക്കി. ടി യൂണിവേഴ്സിറ്റി ഭൂമിയിൽ 1.1 മീറ്റർ സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയിട്ടുള്ളതായും ടി കെട്ടിട നിർമ്മാണത്തിൽ റൂൾ വയലേഷൻ ഉള്ളതായും ടി പ്രദേശത്ത് കൊച്ചി സ്ട്രക്ചറൽ പ്ലാൻ പ്രകാരം അനുവദനീയമായ കവറേജ് 50% ആണെന്നും അംഗീകാരം നൽകിയ ടി കെട്ടിട നിർമ്മാണത്തിൽ കവറേജ് 55.55% മാണെന്നും ടി ക്രമക്കേടിന് സാങ്കേതിക വിഭാഗം ജീവനക്കാരും നഗരസഭാ സെക്രട്ടറിയും ഉത്തരവാദികളാണെന്നും ടൗൺ പ്ലാനർ പരാമർശം രണ്ട് പ്രകാരം റിപ്പോർട്ട് ചെയ്തു. ടി ക്രമക്കേടിന് കളമശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും. പരാമർശം മൂന്ന് പ്രകാരം കുറ്റാരോപണ പത്രം നൽകുകയുമുണ്ടായി.

2. കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സാങ്കേതിക വിഭാഗം ജീവനക്കാരായ ഓവർസിയർ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്ത് സെക്രട്ടറിയ്ക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി റിപ്പോർട്ട് നഗരസഭാ സെക്രട്ടറി അംഗീകരിക്കുകയും 28.01.2011-ൽ ബിൽഡിംഗ് പെർമിറ്റ് നൽകുകയും ചെയ്തിട്ടുള്ളതായും അതിനു ശേഷം ടി വസ്തുവിന്റെ ഉടമസ്ഥാവകാശം ഉടമയുടെ സഹോദരനു കൈമാറുകയും ബിൽഡിംഗ് പെർമിറ്റ് മാറ്റി നൽകുകയും 21.02.2012 - ൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29.02.2012-ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും അതിനു ശേഷം കെട്ടിടത്തിന് മുകളിൽ 3-ാം നില പണിയുന്നതിന് 18.10.2012-ൽ ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പെർമിറ്റിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 08.01.2013-ൽ പെർമിറ്റ് നൽകുകയും 05.03.2013-ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുള്ളതാണെന്നും ശ്രീ. രഘുരാമൻ 16.09.2009 മുതൽ 26.02.2011 തീയതി വരെയുള്ള കാലയളവ് മാത്രമേ ഈ നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളൂവെന്നും ആയതിനാൽ പെർമിറ്റ് പുതുക്കി നല്കിയതിലും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കിയതിലും ടിയാന് പങ്കില്ലായെന്നും നഗരകാര്യ ഡയറക്ടർ പരാമർശം അഞ്ച് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ശ്രീ രഘുരാമൻ 16.09.2009 മുതൽ 26.02.2011 വരെ കളമശ്ശേരി നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതായി കാണുന്നു. എഞ്ചിനീയറുടെ 25.01.2011-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ടി പെർമിറ്റ് നൽകിയിരിക്കുന്നത്. തൊട്ടടുത്ത മാസം ടിയാൻ ഈ നഗരസഭയിൽ നിന്നും സ്ഥലം മാറിയിട്ടുള്ളതുമാണ്. ടി കെട്ടിടത്തിന് പെർമിറ്റ് പുതുക്കി നൽകിയതിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെലും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കിയതിലും ടിയാന് പങ്കില്ലായെന്നു കാണാവുന്നതാണ്. ടി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിൽ റൂൾ വയലേഷൻ ഉള്ളത് ടി പ്രദേശത്ത് കൊച്ചി സ്ട്രക്ച്ചറൽ പ്ലാൻ പ്രകാരം അനുവദനീയമായ കവറേജ് 50% ആണെന്നിരിയ്ക്കെ അംഗീകാരം നൽകിയ കെട്ടിടത്തിന് കവറേജ് 55.55% ആണെന്നതാണ് ഈ 5.55% അധിക കവറേജ് കണ്ടെത്താതിരുന്നത് സാങ്കേതികവിഭാഗം ജീവനക്കാരുടെ ഭാഗത്തെ വീഴ്ചയായി കണക്കാക്കാവുന്നതാണ്. ബി.എ 712/12 പ്രകാരം അനുമതി നൽകിയ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 667.22 $m^2$ ആണ്. സാങ്കേതിക വിഭാഗം ജീവനക്കാരായ ഓവർസിയർ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്ത് സെക്രട്ടറിയ്ക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി റിപ്പോർട്ട് നഗരസഭാ സെക്രട്ടറി അംഗീകരിക്കുകയും 28.01.2011-ൽ ബിൽഡിംഗ് പെർമിറ്റ് നൽകുകയും ചെയ്തിട്ടുള്ളതായും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കെട്ടിട നിർമ്മാണത്തിൽ റൂൾ വയലേഷൻ ഉള്ളതായി ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ രഘുരാമൻ സമർപ്പിച്ച പ്രതിവാദ പത്രികയുടേയും ചീഫ് ടൗൺ പ്ലാനർ, നഗരകാര്യ ഡയറക്ടർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ കളമശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി KCS(CC&A) Rules 1960 Rule 11(1)(i) പ്രകാരം "സെൻഷർ" എന്ന ലഘു ശിക്ഷ നൽകി തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയ്സി പോൾ**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, കളമശ്ശേരി നഗരസഭ.
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ